## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 04-11-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 2269

# തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ്: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ എന്തൊക്കെ ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ ; | (എ) രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗർമാല'. തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ സാഗർമാലയിൽ ഉൾപ്പെടുത്തി Coastal Berth, Dredging, Breakwater, Modernisation, Connectivity എന്നീ components ന് 50% വരെ സാമ്പത്തിക സഹായം ലഭിക്കും. |
| (ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് കേന്ദ്രസഹായം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ ; | (ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം പോർട്ടിന്റെ ആദ്യഘട്ടമായ 101 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. 18.5 കോടി രൂപയാണ് ആദ്യഘട്ട നിർമ്മാണത്തിന് വേണ്ടി കണക്കാക്കിയിരിക്കുന്ന ചെലവ്. സാഗർമാല പദ്ധതിയിലെ Coastal Berth Scheme - ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് കേന്ദ്ര സർക്കാർ 7.23 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ കരട് റിപ്പോർട്ട് കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയും വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്. അതനുസരിച്ച് 'Azhikkal Port Limited' എന്ന കമ്പനി |

രൂപീകരിച്ച് TEFR, DPR എന്നിവ തയ്യാറാക്കുന്നതിനും EIA Study നടത്തുന്നതിനുമായി കൺസൾട്ടന്റിനെ നിയോഗിച്ചിരിക്കുകയാണ്.

കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനു വേണ്ടി സമർപ്പിച്ച 3 പ്രൊപ്പോസലുകൾക്ക് സാഗർമാലയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) ഏതൊക്കെ ഘടകങ്ങൾ വികസിപ്പിക്കുന്നതിനാണ് ഇപ്രകാരം കേന്ദ്രസഹായം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ സാഗർമാലയിൽ ഉൾപ്പെടുത്തി Coastal Berth, Dredging, Breakwater, Modernisation, Connectivity എന്നീ components ന് 50% വരെ സാമ്പത്തിക സഹായം ലഭിക്കും.

സെക്ഷൻ ഓഫീസർ